# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3699 17.10.2011 - ൽ മറുപടിക്ക്

### ജലസുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ജലസുരക്ഷാ പദ്ധതി യുടെ വിശദാംശങ്ങൾ ലഭ്യമാക്കാ- മോ; | (എ) | ജലവിഭവ മേഖലയിലെ രണ്ട് പ്രധാന പ്രശ്ന- ങ്ങളാണ് ജല ദൗർലഭ്യവും, ഗുണ നിലവാര ശോഷണവും, ഈ ന്യൂനതകൾ പരിഹരിക്കുന്ന തിനു വേണ്ടി ജല വിഭവ മേഖലയോടുള്ള സമീപനങ്ങളിൽ മാറ്റം വരുത്തുക, സ്ഥാപന ങ്ങളുടെ ഏകോപനവും മെച്ചപ്പെട്ട സേവനവും ഉറപ്പുവരുത്തുക, ആയതിലൂടെ ജല വിഭവ മേഖലയെ ഊർജ്ജ സ്വലമാക്കുക എന്നതാണ് ജലസുരക്ഷാ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br><br>ഉദ്ദേശ്യങ്ങൾ<br>1. ജല സമ്പത്ത് സംരക്ഷിച്ച് ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക.<br>2. നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.<br>3. ജലത്തിന്റെ സുരക്ഷിതത്വവും ഗുണ നിലവാരവും ഉറപ്പുവരുത്തുക.<br>4. ജല സ്രോതസ്സുകളുടെ സംരക്ഷണവും പരിപോഷണവും ഉറപ്പുവരുത്തുക. |
| (ബി) ജലസുരക്ഷാ പദ്ധതി തുടർന്നും നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(സി) ജലസുരക്ഷാ പദ്ധതിയുടെ തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാ- വശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) യും (സി) യും | പദ്ധതി തുടർനടത്തിപ്പിന് ജില്ലകൾ തിരിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളെ ഉത്തരവാദിത്വം ഏൽപ്പി- ച്ചെങ്കിലും ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ തുടർന്ന് നടപ്പിലായില്ല. |

സെക്ഷൻ ഓഫീസർ